Press Information Bureau
Government of India
*****

Gandhi150

ലോകം ഗാന്ധിജിയുടെ വഴിയിൽ

പ്രഹ്ളാദ് സിംഗ് പട്ടേൽ

> ലോകമെമ്പാടും സംഭവിച്ച അക്രമോത്സുകമായ വിപ്ലവങ്ങൾ നമ്മെ എവിടേയും എത്തിച്ചില്ലെന്ന സത്യം ഇപ്പോൾ മനസിലാക്കുന്നു. സത്യഗ്രഹവും അഹിംസയുമാണ് ഏറ്റവും നല്ല പാതയെന്ന് കാലം തെളിയിച്ചു. മനുഷ്യത്വപരവുമായ ഒരു ബദൽ മാർഗമുണ്ടെന്ന് ഇപ്പോൾ ലോകം മനസ്സിലാക്കുന്നു.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചിന്തകൾക്ക് ഇന്ന് ആഗോളതലത്തിൽ പ്രസക്തിയേറുകയാണ്. ലോകജനത ഇന്ന് അവരുടെ പ്രശ്നങ്ങൾക്ക് ഗാന്ധിയൻ ദർശനങ്ങളിൽ നിന്ന് പരിഹാരം തേടുന്നു. ആയുധ കിടമത്സരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ലോകം ഇപ്പോൾ ഗാന്ധിചിന്തകളിൽ വിശ്വാസമർപ്പിക്കുന്നു. ഗാന്ധിചിന്തകൾ ലോകത്ത് കൂടുതൽ ആഴത്തിൽ വേരുന്നുകയാണ്. യുദ്ധങ്ങൾ ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്ന് മനസ്സിലാക്കാൻ ജനങ്ങൾ ഇപ്പോൾ നിർബന്ധിതരായിരിക്കുന്നു. ലോകമെമ്പാടും സംഭവിച്ച അക്രമോത്സുകമായ വിപ്ലവങ്ങൾ നമ്മെ എവിടേയും എത്തിച്ചില്ലെന്ന സത്യം ഇപ്പോൾ മനസിലാക്കുന്നു.സത്യാഗ്രഹവും അഹിംസയുമാണ് ഏറ്റവും നല്ല പാതയെന്ന് കാലം തെളിയിച്ചു. വ്യക്തികളായാലും സ്ഥാപനങ്ങളായാലും രാജ്യങ്ങളായാലും, വിയോജിച്ച് പ്രകടിപ്പിക്കാനും പ്രതിഷേധം രേഖപ്പെടുത്താനും ഒച്ചപ്പെട്ടതും മനുഷ്യത്വപരവുമായ ഒരു ബദൽ മാർഗമുണ്ടെന്ന് ഇപ്പോൾ ലോകം മനസ്സിലാക്കുന്നു.

പരിസ്ഥിതി സംരക്ഷണം ആഗോളതലത്തിൽ സമൂഹത്തിന്റെ മുൻഗണനയായി മാറിയിരിക്കുന്നു. പരിസ്ഥിതി നാശത്തിനെതിരെ ബുദ്ധിജീവികളും പരിസ്ഥിതി പ്രവർത്തകരും ലോകത്തിന്റെ പല ഭാഗങ്ങളിലും തെരുവിലിറങ്ങുന്നു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിവളരെ മുമ്പ് തന്നെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്.ബാപ്പുജിയുടെ ജീവിതകാലത്ത് പരിസ്ഥിതി എന്ന പദം പ്രചാരത്തിലുണ്ടായിരുന്നില്ലെങ്കിലും, ഭാവിയെക്കുറിച്ചും ഇന്ന് നാം അഭിമുഖീകരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും ദീർഘ വീക്ഷണത്തോടെയുള്ള കാഴ്ചപ്പാടാണ് ഗാന്ധിയൻ ദർശനങ്ങളിൽ കാണുന്നത്. "എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടതെല്ലാം ഭൂമിയിൽ ഉണ്ടെങ്കിലും ആരുടേയും അത്യാഗ്രഹത്തിന് അത് പര്യാപ്തമല്ല" എന്ന് ഗാന്ധിജി വിശ്വസിച്ചു. 'സ്വാസ്ഥ്യ കി കൂഞ്ചി' എന്ന ലേഖനത്തിൽ ശുദ്ധവായുവിനെ സംബന്ധിച്ച തന്റെ അഭിപ്രായങ്ങൾ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.മൂന്ന് തരം പ്രകൃതി ചേരുവകൾ അത്യാവശ്യമാണെന്ന് അദ്ദേഹം ലേഖനത്തിൽ പറയുന്നു.വായു, ജലം, ഭക്ഷണം എന്നിവയാണവ . അവയിൽ ശുദ്ധവായുവാണ് ഏറ്റവും പ്രധാനം. ചർക്ക ഉപയോഗിച്ച് നൂൽ നൂക്കാനും കൈകൊണ്ട് നെയ്ത വസ്ത്രം ധരിക്കാനും ഗാന്ധിജി ഇന്ത്യക്കാരെ പ്രചോദിപ്പിച്ചു. സ്വദേശി മനോഭാവം ഉണർത്തുക മാത്രമല്ല, തുണി മില്ലുകൾ പുറന്തള്ളുന്ന മാലിന്യങ്ങൾ കുറയ്ക്കുക എന്നതും ഇതിന്റെ പിന്നിലെ ലക്ഷ്യമായിരുന്നു.

ഗ്രാമവികാസത്തിന്റെ ഏറ്റവും ശക്തനായ വക്താവായിരുന്നു ഗാന്ധിജി. ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കായി വാദിച്ച ഗാന്ധിജി 1946 ൽ ഹരിജൻസേവകിൽ എഴുതി. 'ഗ്രാമപ്രദേശങ്ങളിലെ ഉത്പന്നങ്ങൾ ഗ്രാമങ്ങൾക്കു പുറത്തും വിലമതിക്കുന്ന തരത്തിൽ കലയുടെയും നൈപുണ്യത്തിന്റെയും വികാസം ഗ്രാമങ്ങളിൽ ഉണ്ടാകണം'. ഒരു വശത്ത്, സ്വാതന്ത്ര്യത്തിനായുള്ള അഹിംസയിലുന്നിയ പോരാട്ടത്തിലായിരുന്നു ഗാന്ധിജി. മറുവശത്ത് തന്റെ സൃഷ്ടിപരമായ പദ്ധതികളിലൂടെ ഭാരതത്തിന്റെ ചിതറിക്കിടന്നിരുന്ന അടിസ്ഥാന ഘടകങ്ങളെ സംരക്ഷിക്കാൻ അദ്ദേഹം ശ്രമിച്ചു.

ഒരു മികച്ച സമൂഹത്തെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യാസത്തിന്റെ പങ്ക് ഗാന്ധിജി വിലമതിച്ചു. 1917 ൽ ചമ്പാരൻ സത്യാഗ്രഹ കാലയളവിൽ, ബർഹർവര ലഖാൻസെനിൽ ആദ്യ പ്രാഥമിക വിദ്യാലയത്തിന് അദ്ദേഹം തുടക്കം കുറിച്ചു. ഒരു മനുഷ്യൻ ബുദ്ധിയോ ശരീരമോ മാത്രമല്ല. ഒരു ഹൃദയമോ ആത്മാവോ മാത്രവുമല്ല, എന്ന് അദ്ദേഹം 1937 മെയ് 8 ന്, വിദ്യാഭ്യാസത്തിന്റെ പ്രധാന്യം ചൂണ്ടിക്കാട്ടി 'ഹരിജനി' ൽ എഴുതി. ഇവയുടെ ശരിയായ അനുപാതത്തിലുള്ളതും ദൃഢവുമായ സംയോജനമാണ് ഒരു പൂർണ മനുഷ്യന് വേണ്ടത്. ഇതാണ് വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം.

സ്വദേശി പ്രസ്ഥാനത്തിലൂടെ മാത്രമേ ഇന്ത്യയ്ക്ക് സ്വയം പര്യാപ്തവും ശക്തവുമായ രാജ്യമായി മാറാൻ കഴിയൂ. ഇന്ന്, സ്വദേശിവൽക്കരണത്തിൽ ഭാരതം മുന്നേറ്റം സൃഷ്ടിക്കുകയാണ്. ഇത് ചെറുകിട വ്യവസായങ്ങൾക്ക് വളർന്ന് വികസിക്കാനുള്ള അവസരമൊരുക്കും. ഇതിലൂടെ വിദൂര, ഉൾനാടൻ പ്രദേശങ്ങളിലെ ജനതയ്ക്കും സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കാനാകും. സ്വദേശിവൽക്കരണത്തിലൂടെ രാജ്യത്തെ സ്വയംപര്യാപ്തമാക്കാനാണ് ഗാന്ധിജി ആഗ്രഹിച്ചത്. ദീർഘനാളുകൾക്ക് ശേഷം, നാം ആ ദിശയിൽ മുന്നേറ്റം തുടങ്ങിയിരിക്കുന്നു. ഇത് ശുഭകരമായ ഫലത്തിനും തുടക്കം കുറിച്ചിരിക്കുന്നു. ജനങ്ങൾ ഹൃദയം കൊണ്ട് സ്വീകരിച്ച ഒരു പ്രവണതയായി സ്വദേശിവൽക്കരണം ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്നു.

ഗ്രാമവികരണത്തിന് ശുചിത്വം പരിഗണിച്ചില്ലെങ്കിൽ, നമ്മുടെ ഗ്രാമങ്ങൾ കുപ്പത്തൊട്ടികളായി അവശേഷിക്കുമെന്ന് ഗാന്ധിജി പറയുമായിരുന്നു. നഗരങ്ങളിലെ മാലിന്യത്തെപ്പറ്റിയും ഗാന്ധിജി ജാഗ്രത പുലർത്തിയിരുന്നു. പാശ്ചാത്യരിൽ നിന്നും നമുക്ക് പഠിക്കാനാവുന്നത്, നഗരങ്ങളുടെ വൃത്തിയാണെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടിരുന്നു. ഗാന്ധിജിയുടെ ഈ ചിന്തയെ നാം സ്വാംശീകരിക്കേണ്ടിയിരിക്കുന്നു. ഗാന്ധിജിയുടെ ചിന്തകൾ അനശ്വരമാണ്. തന്റെ ആശയങ്ങളെ പ്രായോഗികതലത്തിൽ അദ്ദേഹം പരീക്ഷിച്ചിരുന്നുവെന്നതാണ് ഇതിന്റെ പ്രധാന കാരണം. അദ്ദേഹത്തിന്റെ പ്രസക്തി കാലാന്തരങ്ങളോളം നിലനിൽക്കും.

സംഭാഷണ കേന്ദ്ര സാംസ്കാരിക, വിനോദ സഞ്ചാരവകുപ്പ്

ജന്മഭൂമി Fri, 02 October 2020
https://epaper.janmabhumi.in/c/55374287

(Janambhoomi, Kerala)